# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.816 — 30.01.2019 -ൽ മറുപടിയ്ക്ക്

### നവോത്ഥാന മൂല്യങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. കെ. രാജൻ<br>ശ്രീമതി സി. കെ. ആശ: | **ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി** |
| എ) ഹിന്ദുത്വ രാഷ്ട്രീയം കേരള സമൂഹത്തിലെ നവോത്ഥാന മൂല്യങ്ങൾക്കും സമൂഹത്തിന്റെ കെട്ടുറപ്പിനും ശക്തമായ വെല്ലുവിളി യുയർത്തുന്ന സാഹചര്യവും സാംസ്കാരിക രംഗത്തെ ശോഷണ ത്തിലേക്ക് നയിക്കുന്ന സാഹചര്യവും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഹിന്ദുത്വ രാഷ്ട്രീയം നവോത്ഥാനമൂല്യങ്ങൾക്ക് പോറലേല്പിക്കുമാറ് ജാതി മതാടിസ്ഥാനത്തിൽ ജനങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരാധനാ ലയങ്ങളേയും ക്ഷേത്രങ്ങളേയും കൂട്ടിപിടിച്ചുകൊണ്ട് ഇന്ത്യയുടെ മതേതര ഘടനയെത്തന്നെ തകർക്കുന്ന രീതിയിലുള്ള വർഗ്ഗീയപ്രചരണപരിപാടികൾ സമീപകാലത്തായി കേരളത്തിൽ വേരൂന്നുന്നത് ഉൽക്കണ്ഠയോടുകൂടിയാണ് സർക്കാർ നോക്കിക്കാ ണുന്നത്. ഇതിനെതിരെ നവോത്ഥാനമൂല്യങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ സർക്കാർ നടത്തി വരികയാണ്. |
| ബി) ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളെക്കാളും മതഗ്രന്ഥങ്ങളും ആചാരങ്ങളും വിശ്വാസവും ഉയർത്തിപ്പിടിക്കുന്ന ഒരു വിഭാഗം സമൂഹത്തെ ശിഥിലമാക്കാൻ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | ബി) ഭരണഘടനാ തത്ത്വങ്ങൾക്കും അത് അനുശാസിക്കുന്ന മതേതര നിലപാടുകൾക്കും ഉപരിയാണ് ആചാരങ്ങളും വിശ്വാസങ്ങളും എന്ന പ്രചരണം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്. ക്ഷേത്രങ്ങളിൽ ജാതിപരമായോ, ലിംഗപരമായോ ഉള്ള വിവേചനം ഭരണഘടനാ തത്ത്വങ്ങൾക്ക് നിരക്കാത്തതാണ് എന്ന വിധി ഉന്നതനീതി പീഠത്തിൽ നിന്നുണ്ടായിട്ടും അതി നെതിരെ ആചാര വിശ്വാസങ്ങളുടെ അടിസ്ഥാന ത്തിൽ പ്രതിരോധം സംഘടിപ്പിക്കുന്നത് തികച്ചും ശരിയല്ലെന്നാണ് സർക്കാർ കാണുന്നത്. |

| | |
|---|---|
| സി) നവോത്ഥാന മൂല്യങ്ങൾക്കെതിരായ ആക്രമണത്തെ പ്രതിരോധിക്കുന്നതിനും ഇതേപ്പറ്റി ജനങ്ങളെ ബോധവല്ക്കരിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | സി) ജാതി മത വിശ്വാസങ്ങൾക്കുപരിയായി മനുഷ്യരെല്ലാവരും ഒന്നാണെന്ന ബോധമാണ് നവോത്ഥാന മൂല്യങ്ങളുടെ കാതൽ. ഈ ബോധം ഉളവാക്കുന്നതിനുവേണ്ടി നവോത്ഥാന കാലഘട്ടത്തിൽ നടന്ന നിരവധി സമരങ്ങളിലൂടെ ആർജ്ജിച്ച സത്തയിലൂടെയാണ് ഇന്ന് കാണുന്നകേരളം രൂപമെടുക്കുന്നതിന് കാരണമായത്. എല്ലാത്തരം വിവേചന ങ്ങൾക്കുമെതിരെ മനുഷ്യർ ഒന്നിച്ച നീങ്ങിയതിന്റെ ചരിത്രമാണ് നവോത്ഥാനത്തിന്റെ ചുരുക്കം. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും സാംസ്കാരിക സ്ഥാപനങ്ങളിലൂടെ എല്ലാരീതിയിലും സർക്കാർ മുൻകൈ എടുത്ത് പ്രവർത്തിക്കുന്നുണ്ട്. |
| ഡി) നവോത്ഥാന നേതാക്കളെ അനുസ്മരിക്കുന്നതിനും നവോത്ഥാന പാരമ്പര്യമുള്ള സംഘടനകളേയും പ്രസ്ഥാനങ്ങളേയും കോർത്തിണക്കി ഇതിനെതിരെ പ്രതിരോധം സൃഷ്ടിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | ഡി) നിരന്തരം ചരിത്രവത്കരിക്കുന്നതിലൂടെയാണ് ഒരു ജനതയ്ക്ക് വർത്തമാനകാലത്തിൽ പാദമൂന്നി നില്ക്കാനും ഭാവിയിലേയ്ക്ക് കുതിക്കാനും കഴിയുന്നത്. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ശ്രീനാരായണഗുരു, അയ്യങ്കാളി, പണ്ഡിറ്റ് കെ.പി. കറുപ്പൻ തുടങ്ങി നവോത്ഥാനത്തിന്റെ ഊർജ്ജം കേരളത്തിൽ പ്രസരിപ്പിക്കാൻ ശ്രമിച്ച ചരിത്രപുരുഷന്മാരെ പലരീതിയിൽ അനുസ്മരിക്കുന്നത്. നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ 100-ാം വാർഷികം, വില്ലുവണ്ടി സമരത്തിന്റെ വാർഷികം, കായൽ സമ്മേളനത്തിന്റെ ഓർമ്മ പുതുക്കൽ എന്നിങ്ങനെ നിരവധി പരിപാടികൾ ഇത്തരത്തിൽ ചൂണ്ടിക്കാണിക്കാവുന്നതാണ്. ഇതിനുപുറമെ വിവേകാനന്ദൻ, ഗാന്ധിജി തുടങ്ങിയ ദേശീയ നേതാക്കളുടേയും സ്മരണകൾ കാലാനുസൃതമായി പുതുക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകുന്നുണ്ട്. നവോത്ഥാന മൂല്യങ്ങൾക്കെതിരായ ആക്രമണത്തെ പ്രതിരോധിക്കുന്നതിനും നവോത്ഥാന നേതാക്കളെ അനുസ്മരിക്കുന്നതിനും കേരളത്തിന്റെ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും നമ്മുടെ തനതായ പാരമ്പര്യവും പൈതൃകവും സംരക്ഷിക്കുന്നതിനും ജില്ലകൾ തോറും ബൃഹത്തായ 'സാംസ്കാരിക സമുച്ചയം' എന്ന പദ്ധതിയും സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. |

Sindhu

**സെക്ഷൻ ഓഫീസർ**